മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ കഴിഞ്ഞ കുറെ ദിവസങ്ങളായി ശബരിമല സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജി വയ്ക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിന്റെ സമ്മർദം എസ്.ഐ.റ്റി.-യുടെ മേൽ ഉണ്ടാകരുതെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിലാണ്. ഞങ്ങൾ ഈ സമരം തുടരുകയാണ്; ഞങ്ങളുടെ അംഗങ്ങളായ ശ്രീ. സി. ആർ. മഹേഷ്, ശ്രീ. നജീബ് കാന്തപുരം എന്നിവർ ഇന്ന് നിയമസഭാ കവാടത്തിനുമുമ്പിൽ സത്യാഗ്രഹ സമരം ആരംഭിക്കുകയാണെന്നും സഭാ നടപടികളുമായി സഹകരിച്ചുകൊണ്ടുതന്നെ ഈ സമരവുമായി ഞങ്ങൾ മുന്നോട്ടുപോകുകയാണെന്നും അങ്ങയെ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് ഗവൺമെന്റിന് എതിരായുള്ള ഒരു സമരമായല്ല വരുന്നത്; യഥാർഥത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് എതിരെയുള്ള ഒരു സമരമാണ് ഇത്. എസ്.ഐ.റ്റി.-യുടെ

കാര്യങ്ങൾ നോക്കുന്നതും ഇടപെടുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തുന്ന സമരം നിയമസഭാ കവാടത്തിലാണെങ്കിലും യഥാർഥത്തിൽ അത് ഹൈക്കോടതിക്കെതിരെയുള്ള ഒരു സമരമായാണ് വരുന്നത്.